# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 560      10.03.2015-ലെ മറുപടിയ്ക്ക്

### ചരക്ക് സേവന നികുതി സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | **ശ്രീ. കെ.എം. മാണി**<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) ജി.എസ്.ടി. (ചരക്ക് സേവന നികുതി) സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തെ ഏതെല്ലാം നിലയിൽ സ്വാധീനിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ;<br>(ബി) സംസ്ഥാനത്തിന് ഉണ്ടാവുന്ന നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; അത് സംബന്ധമായി നടത്തിയ പരിശോധനയും നിഗമനങ്ങളും വിശദമാക്കുമോ ? | (എ)<br>(ബി) ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ സേവന മേഖല കൂടി ഉൾപ്പെടുത്തിയതിനാലും പ്രാപ്യസ്ഥാനത്തു നികുതി ലഭ്യമാകുന്ന ഘടനയായതുകൊണ്ടും ജി.എസ്.ടി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>ജി.എസ്.ടി സമ്പ്രദായം നിലവിൽ വരുമ്പോൾ സംസ്ഥാനത്തിന് നികുതി നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതിനുള്ള നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് കേന്ദ്രം ലഭ്യമാക്കുന്നതിനുള്ള വകുപ്പ് നിലവിൽ പാർലമെന്റിന്റെ പരിഗണനയിലുള്ള 122-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ആദ്യത്തെ 5 വർഷത്തേക്കാണ് നഷ്ടപരിഹാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ